بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 27.03.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*27.03.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**അല്ലാഹുവിലും അവന്റെ സൃഷ്ടികളുടെ ബന്ധത്തിലും വന്നിട്ടുള്ള വിള്ളലുകൾ ദുരീകരിച്ചുകൊണ്ട് സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ബന്ധം വീണ്ടും നിലനിർത്തുക. ലോകത്തിന്റെ ദൃഷ്ടികളിൽ നിന്ന് മറഞ്ഞു പോയ മതപരമായ സത്യതയെ പ്രകടമാക്കുക. സാർത്ഥതയുടെ അന്ധകാരത്തിൽ അമർത്തപ്പെട്ട ആത്മീയതയെ പ്രകടമാക്കുക. ഈ പ്രവർത്തനത്തിനുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്.**

തശഹ്ഹുദും തഅവുദും സൂറഃ ഫാത്തിഹ ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് ഹദ്റത് ഖലീഫത്തുൽ മസീഹുൽ ഖാമിസ് അയ്യദഹു തഅല പറഞ്ഞു.

ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ വരവിന്റെ ഉദ്ദേശത്തെ കുറിച്ച് ഏതൊരു 5 ശാഖകളെകുറിച്ച് പറഞ്ഞുവോ അതിൽ ഒരു ശാഖ നോട്ടീസിന്റെ പ്രചരണമാണ്. അതായത് തബ്ലീഗിനും ന്യായപൂർത്തീകരണത്തിനും വേണ്ടിയുള്ള നോട്ടീസിന്റെ പ്രചാരണം. ഒരു സ്ഥലത്ത് അവിടുന്ന് പറയുന്നു. "ഇന്ന് ഞാൻ ന്യായപൂർത്തീകരണത്തിനു വേണ്ടി ശത്രുക്കളേയും നിഷേധികളേയും ക്ഷണിച്ചുകൊണ്ട് 40,000 നോട്ടീസ് പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചു. അങ്ങനെ ഏതൊരു കാര്യത്തിനു വേണ്ടിയാണോ എന്നെ അയക്കപ്പെട്ടത് അത് ഞാൻ പൂർത്തിയാക്കിയിരുന്നുവെന്ന് ഖിയാമത്ത്നാളിൽ ഹദ്റത് അഹ്ദിയത്തിൽ (അല്ലാഹുവിന്റെ സന്നിധിയിൽ) എന്റെ ഭാഗത്ത് നിന്നുള്ള ന്യായപൂർത്തീകരണം വരുമല്ലോ. പിന്നെ ചില നോട്ടീസുകളല്ല, അല്ലെങ്കിൽ ഒരു പ്രാവശ്യമോ അല്ല. മറിച്ച്, നോക്കുകയാണെങ്കിൽ തന്റെ വാദത്തിനു മുമ്പ് മുതൽ മരണം വരെ അളവറ്റ നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതൊക്കെ തന്നെ മതലോകത്ത് ഒരു ഖജനാവാണ്. മുസ്ലിംകളേയും ക്രിസ്ത്യാനികളേയും മറ്റ് മതസ്ഥരേയും നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുകയെന്ന് അദ്ദേഹത്തിന്റെ ഒരു വ്യാകുലതയായിരുന്നു. അവിടുന്ന് തനിച്ചാണ് ഈ ജോലി ചെയ്തിരുന്നത്. ഇതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിക്കുകയുണ്ടായി. അതിനായി വളരെ കഠിനാധ്വാനം ചെയ്യാറുണ്ടായിരുന്നു. ഒരുപാട് ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. അദ്ദേഹത്തിന്റെ ചെറിയ വിജ്ഞാപനങ്ങൾ തന്നെയും സൃഷ്ടികളോടുള്ള അദ്ദേഹത്തിന്റെ അനുകമ്പയും അവരുടെ സംസ്കരണത്തിനായുള്ള വേദനയും വെളിവാക്കുന്നതാണ്.

ലോകത്തിന്റെ സംസ്കരണത്തിനുള്ള ഈ വേദനയെ നിലനിർത്തലും ഇതിനെ മുന്നോട്ടു നയിക്കലും പുണ്യാത്മാന്റെ ജമാഅത്തിലെ അംഗങ്ങളുടെ കടമയാണ്. അതുകൊണ്ട് ഇതിലേക്ക് ശ്രദ്ധ തിരിക്കേണ്ടതാണ്. ഒരു സ്ഥലത്ത് ഹദ്റത് മുസ്ലിഹ് മൗഊദ് (റ) ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഈ വേദനയെക്കുറിച്ചും, ഇതിനു വേണ്ടി ചെയ്തിട്ടുള്ള അസാധാരണമായ പരിശ്രമത്തെകുറിച്ചും പറയുന്നു.

" ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഉദാഹരണം നമ്മുടെ മുന്നിലുണ്ട്. രോഗിയായിരുന്നിട്ടും അദ്ദേഹം രാപ്പകൽ ഇതിനു വേണ്ടി മുഴുകികൊണ്ടിരുന്നു. നോട്ടീസിനു മേൽ നോട്ടീസ് നൽകികൊണ്ടിരുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ ഈ പ്രവർത്തി കണ്ടിട്ട് അത്ഭുതപെടാറുണ്ടായിരുന്നു. ഒരു നോട്ടീസ് കൊടുത്തു. അതിന്റെ പ്രതികരണം തീർന്നിട്ടുണ്ടാവുകയില്ല. ഇതു കാരണം ശത്രുതയിലുള്ള ആവേശവും ഒട്ടും കുറവായിരുന്നില്ല. അടുത്ത നോട്ടീസ് പ്രസിദ്ധപ്പെടുത്തും. ഇങ്ങേയറ്റം ചിലപ്പോൾ നോട്ടീസ് അച്ചടിക്കുന്നതിൽ മോശമായ പ്രതികരണമുണ്ടാകുന്നു. പക്ഷെ അദ്ദേഹം അതൊന്നും വകവെക്കാറില്ല. എന്നിട്ട് പറയും ഇരുമ്പ് ചൂടുള്ളപ്പോഴാണ് വളക്കാൻ സാധിക്കുക. ആവേശം കുറച്ച് തണുത്താൽ പെട്ടെന്ന് മറ്റൊരു നോട്ടീസ് അച്ചടിക്കും. അതുകാരണം ശത്രുതയും അധികരിക്കുന്നു. അദ്ദേഹം രാപ്പകൽ ഈ രീതിയിലാണ് പ്രവർത്തിച്ചത്. ഇതു തന്നെയാണ് വിജയത്തിന്റെയും മാർഗം. നാമും ഈ മാർഗം അവലംബിക്കുകയാണെങ്കിൽ വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്. ശത്രുത കുറയണം എന്ന കാര്യം ചിന്തിക്കാൻ പാടുള്ളതല്ല. ശത്രുത നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ നോട്ടീസും അച്ചടിച്ചുകൊണ്ടിരിക്കണം. അപ്പോഴാണ് പ്രതികരണമുണ്ടാവുക. വീണ്ടും ഹദ്റത് മുസ്ലിഹ് മൗഊദ്(റ) ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ കാലത്തെ സ്മരിച്ചുകൊണ്ട് പറയുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ കാലത്ത് തബ്ലീഗ് നോട്ടീസ് മുഖേന നടക്കാറുണ്ടായിരുന്നു. ആ നോട്ടീസുകൾ രണ്ടോ മൂന്നോ പേജുകളിൽ ഉൾപെട്ടതായിരിക്കും. അതു മുഖേന രാജ്യത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുമായിരുന്നു. അവയെ ധാരാളമായി പ്രസിദ്ധപ്പെടുത്തുക. ഒന്നോ രണ്ടോ പേജുള്ള നോട്ടീസ് തയ്യാറാക്കി തബ്ലീഗ് ചെയ്യുകയെന്ന് രണ്ടുമൂന്ന് വർഷം മുമ്പ് ഞാൻ ജമാഅത്തിനോട് പറഞ്ഞിരുന്നു. ലക്ഷക്കണക്കിന് പ്രസിദ്ധപ്പെടുത്തുന്നതിന് ടാർഗറ്റു നല്കിയിരുന്നു. ആ നോട്ടീസ് മുഖേന ലോകർക്ക് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം മനസ്സിലാകണം. ഇസ്ലാമിന്റെ യാഥാർത്ഥ്യമെന്താണെന്നും ഈ കാലത്ത് അല്ലാഹു തഅല ഹദ്റത് മസീഹ് മൗഊദ് (അ) നെ അയച്ചു കൊണ്ട് വീണ്ടും ഇസ്ലാമിനെ പുനരുദ്ധരിച്ചിരിക്കുന്നുവെന്നുള്ള സന്ദേശം ലഭിക്കണം. ഇപ്പോഴും അല്ലാഹു തഅല തന്റെ ദാസരെ ശൈത്താനിൽ നിന്നും രക്ഷപ്പെടുത്തുന്നതിനു വേണ്ടി തന്റെ പ്രവാചകന്മാരെ അയക്കുന്നുവെന്ന കാര്യം ലോകർക്ക് മനസ്സിലാകണം. ഏതായാലും ഏത് ജമാഅത്താണോ ഈ രീതിയിൽ പ്രവർത്തിച്ചിട്ടുള്ളത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെയൊക്കെ നല്ല ഫലങ്ങളാണുണ്ടായത്. സ്പൈയ്നിൽ ജാമിഅയിലുള്ള വിദ്യാർത്ഥികളെ ഞാൻ അയച്ചിരുന്നു. അവർ അവിടെ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു. ഏകദേശം 3 ലക്ഷം വിവിധ നോട്ടീസുകൾ വിതരണം ചെയ്തു. അതേ പോലെ ഇപ്പോൾ കാനഡയിലുള്ള ജാമിഅയിലെ വിദ്യാർത്ഥികൾ സ്പാനിഷ് രാജ്യങ്ങളിലും മെക്സിക്കോയിലും പോയി ഈ നോട്ടീസ് വിതരണം ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതു മുഖേന തബ്ലീഗ് വിശാലമാവുകയും ചെയ്തിരിക്കുന്നു. ബൈഅത്തും നടക്കുന്നുണ്ട്. ചുരുക്കത്തിൽ ഇതിനുവേണ്ടി ഒന്നിനുശേഷം മറ്റൊന്നായി

ഒന്ന്,രണ്ട് പേജുള്ള നോട്ടീസ് അച്ചടിക്കേണ്ടതും അത് വിതരണം ചെയ്യേണ്ടതുമാണ്.

ഇനി ഹദ്റത് മസീഹ് മൗഊദ് (അ) നെ കുറിച്ചും സഹാബാക്കളെ കുറിച്ചും ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞ കഥകൾ, അതും പലരീതിയിലുള്ളതാണ്. അത് ഞാൻ പറയാം

ഒരു സ്ഥലത്ത് അദ്ദേഹം പറയുന്നു: അഫ്ഗാനിസ്ഥാനിലെ ശഹീദുകളുടെ മേൽ കല്ല് വർഷിക്കുമ്പോൾ അവർ ഭയപ്പെട്ടിരുന്നില്ല മറിച്ച് സ്ഥിരതയോടും ധൈര്യത്തോടും അതിനെ സ്വീകരിച്ചു കൂടുതലായി അവരിൽ കല്ല് വർഷിക്കുമ്പോൾ സാഹിബ് സാദാ അബ്ദുലത്തീഫ് സാഹിബും, നിഅ്മത്തുല്ലാഹ് ഖാൻ സാഹിബും മറ്റുള്ള ശുഹദാക്കളും ഇപ്രകാരം പറഞ്ഞു. അല്ലാഹുവേ ഇവരിൽ കരുണ ചൊരിയുകയും ഇവർക്ക് ഹിദായത്ത് നല്കുകയും ചെയ്യേണമേ. മനുഷ്യന്റെ ഉള്ളിൽ സ്നേഹാവേശം അലതല്ലുമ്പോൾ അവരുടെ അവസ്ഥ തന്നെ മാറുന്നു. അവരുടെ കാര്യത്തിൽ പ്രതികരണം ഉണ്ടാവുന്നു. അവരുടെ മുഖത്തുള്ള പ്രകാശകിരണങ്ങൾ ജനങ്ങളെ അടുപ്പിക്കുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. എനിക്ക് നല്ല ഓർമയുണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ഖാദിയാനിൽ ആയിരക്കണക്കിനാളുകൾ വരികയും അവർ മസീഹ് മൗഊദ് (അ)നെ കണ്ടാൽ ഇത് കള്ളവാദിയുടെ മുഖമല്ലെന്ന് പറയുകയുണ്ടായി. അവർ അദ്ദേഹത്തിൽ നിന്ന് ഒരു കാര്യവും കേൾക്കാതിരിക്കുകയും വിശ്വസിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ഉദാഹരണം നമുക്ക് ഇന്നു കാണാം. എനിക്ക് പല കത്തുകളും വരുന്നു അതിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കണ്ട ഉടനെ ഇത് കള്ളവാദിയുടെ മുഖമല്ലെന്ന് പറയുകയും ബൈഅത്ത് ചെയ്യുകയും ചെയ്തുവെന്ന് എഴുതുകയുണ്ടായി.

വീണ്ടും ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു.

ഹദ്റത് മസീഹ് മൗഊദ് (അ) പറയാറുണ്ട്. നമ്മുടെ ജമാഅത്തിൽ 3 വിധത്തിലുള്ള ആളുകളുൾപെട്ടിരിക്കുന്നു. ഒന്നാമത്തെ വിഭാഗത്തിൽപെട്ട ആളുകൾ, എന്റെ വാദത്തെ ശരിക്കും ചിന്തിച്ചു മനസ്സിലാക്കി അഹ്മദിയാവുന്നു. എന്റെ വരവിന്റെ ഉദ്ദേശം എന്താണെന്നും ആദ്യത്തെ പ്രവാചകന്മാരുടെ ജമാഅത്ത് ഏതുപോലെ ത്യാഗം വരിച്ചുവോ അതുപോലെ നമ്മളും ത്യാഗം വരിക്കേണ്ടതാണെന്നവർ അറിയുന്നു. എന്നാൽ മറ്റൊരു വിഭാഗം ഹദ്റത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ കാരണത്താൽ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നു. അവർക്ക് എന്റെ വരവിന്റെ ഉദ്ദേശത്തെ കുറിച്ചറിയില്ല. അവർ ഹദ്റത് മൗലവി നൂറുദ്ദീൻ സാഹിബ് ഹദ്റത് മസീഹ് മൗഊദിൽ വിശ്വസിച്ചിരിക്കുന്നുവെന്ന പേരിൽ വിശ്വസിക്കുന്നു. ഇതിന് പുറമെ മൂന്നാമത്തെ വിഭാഗം ചില യുവാക്കളുടേതാണ്. അവരുടെ ഹൃദയത്തിൽ മുസ്‌ലിംകളെകുറിച്ച് വേദനയുണ്ടെങ്കിലും സാമൂഹികമായ നിലയിലാണുള്ളത് മതപരമായ നിലയിലല്ല മുസ്‌ലിംകൾക്ക് ഒരു സംഘമുണ്ടാവണമെന്നും ആഗ്രഹിക്കുന്നു. അതായത് മതപരമായ നിലയിൽ ഒരു വേദനയുമില്ല. പക്ഷെ മുസ്‌ലിംകളുടെ അവസ്ഥ കണ്ടിട്ട് ഒരു അംഗബലമുണ്ടാവണമെന്നും ഒരു ഐക്യമുണ്ടാവണമെന്നും ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള ആൾക്കാരും ജമാഅത്തിൽ പ്രവേശിക്കുന്നു. സാധാരണ മുസ്‌ലിംകളുടെ ഒരു സംഘമുണ്ടാക്കാൻ അവർക്ക് അസാധ്യമായിരുന്നു. അതുകൊണ്ട് അവർ നമ്മളെ ഒരു സംഘമായി കണ്ടപ്പോൾ അവർ നമ്മളിൽ ചേർന്നു. ഇപ്പോൾ അവർ മദ്രസ്സകൾ സ്ഥാപിക്കാനും ജനങ്ങൾ ഡിഗ്രി കരസ്ഥമാക്കാനും ആഗ്രഹിക്കുന്നു. അതുകാരണമായി അവർ നമ്മുടെ ജമാഅത്തിനെ ഒരു മതമായിട്ടല്ല അഞ്ചുമനായിട്ടാണ് മനസ്സിലാക്കുന്നത്. ഭൗതികലോകത്ത് പുരോഗതിയുടെ മാർഗമായികരുതുന്നത് ഒന്നു വേറെ തന്നെ. പക്ഷെ മതത്തിൽ പുരോഗതിയുടെ മാർഗമായികരുതുന്നത് ഒന്നു വേറെ തന്നെയാണ്. അഞ്ചുമൻ പുരോഗതി പ്രാപിക്കുന്നത് വേറെ വിധത്തിലാണ് മതങ്ങൾ പുരോഗതി പ്രാപിക്കുന്നത് വേറെ വിധത്തിലും ദീൻ പുരോഗതി പ്രാപിക്കുന്നതിന് നിർബന്ധമായിട്ടുള്ളത്. സൽസ്വഭാവം നന്നാക്കുകയും, ഉന്നതമായ സൽസ്വഭാവം കരസ്ഥമാക്കുകയും, ത്യാഗങ്ങൾ ചെയ്യാനുള്ള സന്മനസ്സ് ഉണ്ടാവുകയും നമസ്കരിക്കുകയും ചെയ്യുക എന്നുള്ളതാണ്. അങ്ങനെ ആത്മീയതയിൽ പുരോഗതി പ്രാപിക്കുക എന്നുള്ളതാണ്. നോമ്പനുഷ്ഠിക്കുകയും അല്ലാഹുവിൽ അർപണം ചെയ്യുകയും അവനോടുള്ള അനുസരണത്തിന്റെ പ്രതിജ്ഞയെടുക്കുകയും ചെയ്യുക. ഈ കാര്യങ്ങളെല്ലാം നാം ചെയ്യുകയാണെങ്കിൽ നാം ലോകരുടെ ദൃഷ്ടിയിൽ ഭ്രാന്തന്മാരായി ചിത്രീകരിക്കും എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നമ്മളേക്കാളും ബുദ്ധിമാന്മാർ മറ്റാരുമുണ്ടാവുകയില്ല. അതുകൊണ്ട് ആത്മീയതയിൽ പുരോഗതി പ്രാപിക്കുന്നതിന് ഈ എല്ലാ ഉന്നത സ്വഭാവങ്ങളും മതപരമായ ജമാഅത്തിൽ ഉണ്ടാവേണ്ടതാണ്. ചുരുക്കത്തിൽ ഓരോ അഹ്മദികൾക്കും തങ്ങളുടെ ഈമാനിക അവസ്ഥയെ, ആത്മീയാവസ്ഥയെ, വളരെ ഉന്നതമായ നിലയിൽ ആക്കേണ്ടതിന്റെ ആവശ്യമുണ്ട്.

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിന്റെ രൂപീകരണത്തിന്റെ പശ്ചാത്തലവും ആവിശ്യകതയും വിവരിച്ചുകൊണ്ട് പറയുന്നു: തഅ്ലീമുൽ ഇസ്‌ലാം കോളേജ് തുടക്കം കുറിച്ച വർഷം, ഈ സമയത്ത് കോളേജ് നടത്തുന്നതിനായി നമുക്ക് ഇത്ര ലക്ഷം പെട്ടെന്ന് ആവശ്യമുണ്ടെന്നും ഇത്ര ലക്ഷം വാർഷിക വരുമാനമുണ്ടായിരിക്കണമെന്നുള്ള ചിന്തയാണുണ്ടായിരുന്നത്. ലക്ഷക്കണക്കിനു രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിരുന്നത്. ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു. "ഒരു കാലത്ത് നമുക്ക് ഹൈസ്കൂൾ തുടങ്ങാൻ തന്നെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇവിടെ ആര്യസമാജത്തിന്റെ ഒരു മിഡിൽ സ്കൂളുണ്ടായിരുന്നു. ആരംഭത്തിൽ ഇതിൽ നമ്മുടെ കുട്ടികൾ പോകാൻ തുടങ്ങിയപ്പോൾ ആര്യസമാജത്തിലെ മാസ്റ്റർ അവരുടെ മുമ്പാകെ നിങ്ങൾ ഇറച്ചി തിന്നരുതെന്ന് പറയാൻ തുടങ്ങി. ഹിന്ദുക്കൾ ഇറച്ചി കഴിക്കാറില്ല. ഇറച്ചി കഴിക്കുന്നത് അക്രമമാണ്. അവർ ഇസ്‌ലാമിനെ അക്രമിക്കാൻ വേണ്ടി ഈ രീതിയിലുള്ള ആക്ഷേപം ഉന്നയിക്കാറുണ്ട്. കുട്ടികൾ സ്കൂളിൽ നിന്ന് വന്ന ഉടനെ ഈ ആക്ഷേപം പറയാറുണ്ട്. പറയുന്നു ഇവിടെ ഖാദിയാനിൽ ഒരു പ്രൈമറി സ്കൂളുണ്ടായിരുന്നു. അതിലും അധികവും ആര്യമതത്തിലെ ടീച്ചറായിരുന്നു. ഇറച്ചി കഴിക്കാൻ പാടില്ല എന്ന കാര്യം അവരും പഠിപ്പിക്കുമായിരുന്നു. ഞാൻ ആദ്യ ദിവസം പ്രൈമറി സ്കൂളിൽ പോയി. അതായത് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) തന്റെ കാര്യം പറയുകയാണ്. ഉച്ചക്കുള്ള ഭക്ഷണം വന്നപ്പോൾ ഞാൻ സ്കൂളിൽ നിന്ന് പുറത്തേക്കുവന്നുകൊണ്ട് അടുത്തുള്ള ഒരു മരച്ചുവട്ടിൽ ഭക്ഷണം കഴിക്കാൻ ചെന്നിരുന്നു. എനിക്ക് നല്ല ഓർമ്മയുണ്ട്. അന്ന് ഇറച്ചിയാണ് പാകം ചെയ്തത്. അതു തന്നെയാണ് എനിക്ക് കഴിക്കാൻ വേണ്ടി കൊടുത്തയച്ചത്. ആ സമയത്ത് മിയാൻ അബ്ദുള്ള സാഹിബിന്റെ ഉപ്പയായിരുന്ന മിയാൻ ഉമർദ്ദീൻ സാഹിബും ഈ സ്കൂളിൽ പഠിക്കുന്നുണ്ടായിരുന്നു. പക്ഷെ അദ്ദേഹം വലിയ ക്ലാസിലായിരുന്നു. ഞാൻ ഒന്നാം ക്ലാസിലും ഞാൻ ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ അദ്ദേഹവും വന്നു. എന്നിട്ട് നോക്കിക്കൊണ്ട് ഇറച്ചികഴിക്കുകയാണോയെന്ന് ചോദിച്ചു. യഥാർത്ഥത്തിൽ അദ്ദേഹവും മുസ്‌ലിമായിരുന്നു. ഇതിനുള്ള കാരണം ഇറച്ചി കഴിക്കുന്നത് അക്രമമമാണെന്നും അത് അങ്ങേയറ്റം മോശപ്പെട്ട കാര്യമാണെന്നും ആര്യമതത്തിലെ ടീച്ചർ പഠിപ്പിച്ചിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു.

1944 ൽ ഞാൻ കോളേജിന്റെ അസ്ഥിവാരം പണിതു. എന്തെന്നാൽ നമ്മുടെ സന്താനങ്ങളുടെ ഉന്നത വിദ്യാഭ്യാസം നമ്മുടെ

കരങ്ങളിലായിരിക്കണം ഇപ്പോൾ അതിനുള്ള സമയമയമായിരിക്കുന്നു. ഒരു കാലത്ത് നമ്മുടെ ജമാ അത്തിൽ വളരെ ചെറിയ വരുമാനമുള്ള ആളുകളായിരുന്നു ഉൾപെട്ടിരുന്നത്. ഒരു പക്ഷെ ഇതിൽ നിന്ന് ജമാഅത്തിന്റെ ചരിത്രം മനസ്സിലാവുന്നു. അതായത് ആ കാലത്ത് കോളേജുകളിൽ നിന്ന് അഹ്മദിയായിക്കൊണ്ട് കുറച്ച് പേർ പ്രവേശിച്ചിരുന്നു. പക്ഷേ അവർ യാദൃശ്ചികമായ നിലയിൽ എന്നാണ് കരുതിയിരുന്നത്. അല്ലെങ്കിൽ കുറച്ച് ആളുകൾ ഒഴിച്ചാൽ ഉന്നത സ്ഥാനത്തുള്ളവർ ഉയർന്ന വരുമാനമുള്ളവർ ജമാഅത്തിൽ ഉണ്ടായിരുന്നില്ല. ഇതും ഹദ്‌റത് മസീഹ് മൗഊദ് (അ) ന്റെ സത്യ സാക്ഷ്യത്തിനുള്ള ഒരു തെളിവാണ്. അതായത് നമ്മുടെ ജമാ അത്തിൽ വലിയവരായിട്ടുള്ള ആരും തന്നെ ചേർന്നിട്ടില്ല. ഐ.എ.സി ആയ ആരും തന്നെ ജമാഅത്തിൽ ചേർന്നിരുന്നില്ല. ആ കാലത്ത് ഐ.എ.സി ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് കമ്മീഷ്ണർ എന്നാണ് വിളിക്കുക. ഇത് വലിയ പോസ്റ്റാണ്. എന്നാൽ ഇപ്പോൾ നോക്കുക ഹദ്‌റത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു. ഐ.എ.സി ഇവിടെ തെരുവീഥികളിൽ ചുറ്റിക്കറങ്ങുന്നു. അവരിലേക്ക് ആരുംതന്നെ കണ്ണെടുത്ത് നോക്കാറില്ല. എന്നാൽ ഒരു കാലത്ത് ഉന്നത നിലയിലുള്ള ആളുകൾ നമ്മുടെ ജമാഅത്തിൽ അങ്ങേയറ്റം കുറവായിരുന്നു. അതിന്റെ ഫലമായി ഹദ്‌റത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ പറയുന്നു നമ്മുടെ ജമാഅത്തിൽ വലിയ ആളുകൾ പ്രവേശിക്കുന്നില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ലോകത്ത് ആയിരക്കണക്കിന് സ്കൂളുകളും കോളേജുകളും ജമാഅത്ത് നടത്തുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വലിയ ജ്ഞാനികളും ഓഫീസർമാരും ജമാഅത്തിൽ പ്രവേശിക്കുന്നു. രാജ്യത്തെ പാർലമെന്റ് അംഗം അഹ്മദിയാണ്. ആത്മാർത്ഥതയിലും ഉയർന്നവരാണ്. അവരിൽ ഭൗതികത മാത്രമല്ല ആഫ്രിക്കയിൽ ചില രാജ്യങ്ങളിൽ ചില പ്രധാനമന്ത്രികാര്യാലയത്തിലും നിയമിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒരനുഗ്രഹമാണിത്. ഏത് നിലയിലാണ് അല്ലാഹു പുരോഗതി നല്കികൊണ്ടിരിക്കുന്നത്. ആരംഭകാലത്തുള്ള അഹ്മദികളിൽ കാഠിന്യവും പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിച്ചതിനെ സ്മരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. ഒരു കാലത്ത് അഹ്മദികൾക്ക് നാലുഭാഗത്ത് നിന്നും കാഠിന്യം ഏല്ക്കേണ്ടിവന്നു. അഹ്മദികളെ കൊല്ലാനും അവരുടെ വീടുകളെ കൊള്ളയടിക്കാനും അവരുടെ സ്വത്തുക്കൾ അപഹരിക്കാനും അവരുടെ സ്ത്രീകളെ തലാഖ് കൊടുക്കാതെ മറ്റൊരു സ്ഥലത്ത് നിക്കാഹ് നടത്താവുന്നതാണെന്ന് അനുവാദം മാത്രമല്ല പുണ്യത്തിന് കാരണമായിത്തീരുകയും ചെയ്യുന്നുവെന്ന് മൗലവിമാർ ഫത്വ നൽകുകയുണ്ടായി. ഉദിച്ചുയരുന്ന ഓരോ പകലിനോടൊപ്പം പുതിയ പുതിയ പരീക്ഷണങ്ങളും പുതിയ പുതിയ ഉത്തരവാദിത്വവും കൊണ്ടുവരുന്നു. ഓരോ രാവിനോടൊപ്പവും പുതിയ പുതിയ പരീക്ഷണങ്ങളും ഉത്തരവാദിത്വങ്ങളും കൊണ്ടുവരുന്നു. എന്നാൽ “അലൈസല്ലാഹു ബി കാഫിൻ അബ്ദുഹു” (അല്ലാഹു തന്റെ ദാസന് മതിയാവനല്ലെ) എന്ന മന്ദമാരുതൻ എല്ലാ പരിഭ്രമത്തെയും പൊടിപടലങ്ങളെ പോലെ പറത്തിക്കളയുന്നു. ആരംഭകാലത്ത് ജമാഅത്തിന്റെ ബിൽഡിംഗിന്റെ അസ്ഥിവാരത്തെ ഇളക്കി മറിക്കുന്നതാണെന്ന് ഭീഷണി മുഴക്കിയ കാർമേഘങ്ങൾ കുറച്ചുകാലം കഴിഞ്ഞപ്പോൾ റഹ്മത്തിന്റെയും അനുഗ്രഹത്തിന്റെയും കാർമേഘങ്ങളായി മാറുകയും അതിന്റെ ഓരോ തുള്ളിയും വീഴുന്ന സമയത്ത് അലൈസല്ലാഹു ബി കാഫിൻ അബ്ദുഹു എന്ന ധൈര്യം പകരുന്ന ശബ്ദമുണ്ടാവുന്നു. അതായത് അങ്ങേയറ്റം കാഠിന്യമുണ്ടായിരുന്നു. എന്നിട്ടും അല്ലാഹു നമുക്ക് മതിയായവനാണെന്നും ഇൻശാ അല്ലാഹ് അവസ്ഥ മാറുന്നതാണെന്നും ദൃഢ വിശ്വാസമുണ്ടായിരുന്നു. ഇന്നും ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അപ്പോൾ അലൈസല്ലാഹു ബി കാഫിൻ അബ്ദുഹു എന്ന ശബ്ദം നമ്മുടെ താങ്ങും തണലുമായിത്തീരുന്നു. ലോകത്തിന്റെ കോണുകളിലെല്ലാം ഹദ്‌റത് മസീഹ് മൗഊദ് (അ) ന്റെ ലങ്കർ (ഭക്ഷണ ശാല) നിലവിലുണ്ട്. ചുരുക്കത്തിൽ അല്ലാഹു നമ്മെ ഒരിക്കലും കൈവിട്ടിട്ടില്ല ഇനി ഒരിക്കലും കൈ വിടുകയുമില്ല. ഇൻശാ അല്ലാഹ്, നാം അവനുമായി ഒട്ടിപിടിക്കുകയാണെങ്കിൽ ത്യാഗങ്ങൾ സഹിക്കേണ്ടതായി വരും. അഹ്മദികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ത്യാഗങ്ങൾ വരിക്കുന്നു. എന്നാൽ എല്ലാ ത്യാഗങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്തെ ആവാഹിച്ചു കൊണ്ട് ഒരു പുതിയ മാർഗം നമുക്ക് കാണിച്ചു തരുന്നു. അല്ലാഹു നല്കുന്നതിൽ ഒരിക്കലും കുറവ് വരുത്തുന്നില്ല. ദൈവിക സംരക്ഷണത്തിന്റെ മുഅ്ജിസത്തിനെ കുറിച്ച് ഒരു സംഭവം വിവരിക്കുന്നു. ഒരു ഉദാഹരണം ഹദ്‌റത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിൽ നിന്ന് പറയാം. ലാഹോർ ലോ കോളേജിലെ പ്രിൻസിപ്പിളായ ഖമർ സ്വ്ൻ സാഹിബിന്റെ പിതാവ് സാഹിബുമായി ഹദ്‌റത് മസീഹ് മൗഊദ് (അ) ന് വലിയ ബന്ധമുണ്ടായിരുന്നു. ചിലപ്പോൾ ഹദ്‌റത് മസീഹ് മൗഊദ് (അ) ന് പൈസക്ക് ആവശ്യം നേരിടുമ്പോൾ ഇദ്ദേഹത്തിൽ നിന്ന് കടം വാങ്ങാറുണ്ടായിരുന്നു. ഈ ഖമർ സീൻ സാഹിബ് ഹിന്ദുവയിരുന്നു അദ്ദേഹത്തിനും ഹദ്‌റത് മസീഹ് മൗഊദ് (അ) നോട് വലിയ ബന്ധമുണ്ടായിരുന്നു. ജിഹ്‌ലമിന്റെ കേസിൽ ഖമർ സീൻ സാഹിബിന്റെ പിതാവ് തന്റെ മകനോട് ഹദ്‌റത് മസീഹ് മൗഊദ് (അ) നു വേണ്ടി വക്കാലത്ത് ചെയ്യണമെന്ന് ടെലിഗ്രാം ചെയ്തിരുന്നു. ഈ ബന്ധത്തിന്റെ കാരണമിതായിരുന്നു. അദ്ദേഹം യുവത്വത്തിൽ ഹദ്‌റത് മസീഹ് മൗഊദ് (അ) നൊടൊപ്പം മറ്റ് ചില സുഹൃത്തുക്കളോടൊപ്പവും സിയാൽകോട്ടിൽ ഒന്നിച്ചു താമസിച്ചിരുന്നു. അങ്ങനെ ഹദ്‌റത് മസീഹ് മൗഊദ്(അ) ന്റെ പല ദൃഷ്ടാന്തങ്ങളും കാണുകയുണ്ടായി. അത്തരം ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം ഇപ്രകാരമാണ്. ഒരിക്കൽ രാത്രിയിൽ ഹദ്‌റത് മസീഹ് മൗഊദ് (അ) സുഹൃത്തുക്കളോടൊപ്പം ഉറങ്ങുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം ഞെട്ടി ഉണർന്നു. വീട് അപകടത്തിലാണെന്ന് ഹദ്‌റത് മസീഹ് മൗഊദ് (അ) ന്റെ ഹൃദയത്തിൽ ഇട്ടു കൊടുത്തു. അദ്ദേഹം എല്ലാവരേയും വിളിച്ചുണർത്തിയിട്ട് പറഞ്ഞു വീട് അപകടത്തിലാണ് എല്ലാവരും പുറത്തേക്ക് പോകണം. എല്ലാ സുഹൃത്തുക്കളും ഉറക്കം കാരണമായി അത്ര കാര്യമാക്കിയില്ല അങ്ങയ്ക്ക് തോന്നിയതായിരിക്കാമെന്ന് പറഞ്ഞു ഉറങ്ങുകയുണ്ടായി. പക്ഷെ അദ്ദേഹത്തിന്റെ ബോധം അധികരിച്ചു അവസാനം അദ്ദേഹം വീണ്ടും അവരെ ഉറക്കത്തിൽ നിന്ന് എഴുന്നേല്പിച്ചു. മേൽക്കൂരയിൽ നിന്ന് ടക്, ടക് എന്ന ശബ്ദം കേൾക്കുന്നുവെന്ന് പറഞ്ഞു. വീട് കാലിയാക്കേണ്ടതാണ് അവർ പറഞ്ഞു നിസാര കാര്യമാണ് ഇത്തരം ശബ്ദങ്ങൾ ചിലപ്പോൾ മരത്തിന് ചിതൽ പിടിക്കുമ്പോൾ വരുന്നതാണ്. നിങ്ങൾക്ക് എന്റെ കാര്യം അംഗീകരിക്കേണ്ടതായി വരുമെന്ന് ഹദ്‌റത് മസീഹ് മൗഊദ് (അ) നിർബന്ധം ചെലുത്തി. അവസാനം നിർബന്ധിതമായി അവർ പുറത്തുകടക്കാൻ സമ്മതിച്ചു. അല്ലാഹു എന്റെ സംരക്ഷണത്തിനു വേണ്ടിയാണ് വീട് തകർന്നു വീഴുന്നതിൽ തടഞ്ഞു നിർത്തിയതെന്ന് ഹദ്‌റത് മസീഹ് മൗഊദ് (അ) ദൃഢ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് ആദ്യം നിങ്ങൾ പുറത്തിറങ്ങുക. പിന്നാലെ ഞാനുമിറങ്ങാമെന്ന് അവിടുന്ന് പറഞ്ഞു. അങ്ങനെ അവർ പുറത്തിറങ്ങുകയും അതിനു ശേഷം ഹദ്‌റത് സാഹിബും പുറത്തിറങ്ങി അവിടുന്ന് ഒരു കാല് കോണിയിൽ വെച്ചതേയുള്ളൂ മേല്ക്കുര തകർന്നു വീണു. ഇതേ പോലെ അല്ലാഹു ഹദ്‌റത് മസീഹ് മൗഊദ് (അ) നോട് എങ്ങനെയാണ് പെരുമാറുന്നത് എന്നതിനെ സംബന്ധിച്ച് ഒരു സംഭവം പറയുന്നു. ഹദ്‌റത് മസീഹ് മൗഊദ് (അ) പറയുന്നു

ഒരിക്കൽ ഞാൻ കുതിരവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. ഒരു ആരോഗ്യവാനായ ഒരു ഹിന്ദുവും എന്റെ കുതിരവണ്ടിയിൽ യാത്ര ചെയ്യുകയാണ്. അയാൾ എന്നെക്കാൾ മുന്നിൽ കുതിര വണ്ടിയിൽ കയറിയിരുന്നു. തന്റെ സുഖത്തിനുവേണ്ടി തന്റെ കാൽ പരത്തിവെച്ചു എന്ന് മാത്രമല്ല ഞാൻ ഇരിക്കേണ്ട സീറ്റും അടക്കി വെച്ചു. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. ഞാൻ കുറച്ച് സ്ഥലത്ത് ഇരുന്നു. ആ ദിവസം നല്ല വെയിലുണ്ടായിരുന്നു. എന്നെ വെയിലിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനു വേണ്ടി അല്ലാഹു ഏർപ്പാട് ചെയ്തു. ഒരു കാർമേഘത്തെ അയക്കുകയും അത് നമ്മുടെ കുതിരവണ്ടിയോടൊപ്പം തണലാക്കിക്കൊണ്ട് ബട്ടാല വരെ വന്നു. ഈ കാഴ്ച്ച കണ്ടപ്പോൾ അവിടുന്ന് അല്ലാഹുവിന്റെ വലിയ മാഹാത്മാവാണെന്ന് തോന്നുന്നുവെന്ന് ആ ഹിന്ദു പറഞ്ഞു. ചുരുക്കത്തിൽ അല്ലാഹു തന്റെ ദാസരോട് ഇത്തര ത്തിൽ പെരുമാറുന്നു. അതിന്റെ ഫലമായി അത്ഭുതപ്പെടുന്നു. പക്ഷെ ആരാധന നിബന്ധനയാണ്. അത്തരത്തിലുള്ള മനുഷ്യ രുടെ പര്യവസാനം നന്നായിത്തീരുന്നു. പ്രത്യക്ഷത്തിൽ അവർ ഭൗതിക ദൃഷ്ടിയിൽ അപമാനിതരായികാണും. എന്നാൽ അവ സാനം അവർക്ക് ആദരവ് ലഭിക്കുന്നു. പ്രത്യക്ഷത്തിൽ അവർ ദുഷ്പേരിന് അർഹരാവുന്നുവെങ്കിലും പര്യവസാനം സൽപേര് ലഭിക്കുന്നു. ചുരുക്കത്തിൽ ഇത്തരം ആളുകളുടെ പ്രാരംഭം ആരാധനയിലൂടെയും പര്യവസാനം സഹായത്തിലവസാനി ക്കുന്നു. അതായത് അല്ലാഹുവിന്റെ ശരിയായ ദാസനായിക്കൊണ്ട് അവനെ ആരാധിക്കുകയാണെങ്കിൽ, അവന്റെ ദാസത്വം സ്വീക രിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായം അവരോടൊപ്പ മുണ്ടാവുകയും അല്ലാഹു എല്ലാ ഉപദ്രവത്തിന്നെതിരായി സഹാ യിക്കുകയും ചെയ്യുന്നു.

ഒരു സാധാരണ പീറും അല്ലാഹു അയച്ച പ്രവാചകന്മാരുടെ നല്ല പ്രതികരണം ഉണ്ടാവുമ്പോൾ ഉണ്ടാകുന്ന വേദനയും സാധാരണ ക്കാരുടെ വേദനയും തമ്മിലുള്ള വിത്യാസമെന്താണെന്നതിന് ഒരു ഉദാഹരണം നല്കികൊണ്ട് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ലുധിയാനയിലെ സൂഫി അഹ്മദ് ജാൻ ഹദ്റത് മസീ ഹ് മൗഊദ് (അ) വാദം ഉന്നയിക്കുന്നതിനുമുമ്പ് വഫാത്തായിരി ക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ ആത്മീയ ദൃഷ്ടി വളരെ മൂർച്ച യുള്ളതാണ് അതിന്റെ ഫലമായി അദ്ദേഹം വാദത്തിനു മുമ്പായി ഹദ്റത് മസീഹ് മൗഊദ് (അ) നോട് പറഞ്ഞു. ഹം മറീസോകി ഹെതുമ്ഹിപെനിഗാഹ് തും മസീഹ് ബനോ ഖുദാ കേലിയേ

“രോഗികളായ നമ്മുടെ ദൃഷ്ടി നിന്നിലേക്കാണ്. അല്ലാഹുവിനു വേണ്ടി മസീഹായിത്തീരുക”

ചുരുക്കത്തിൽ ആത്മീയ ജനങ്ങൾ ഇത്തരം ആളുകളോട് മത്സ രിക്കാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് ലോകരെ ഇസ്‌ലാഹ് ചെ യ്യാൻ ആരെയാണോ നിയോഗിക്കുന്നത് അദ്ദേഹത്തിന്റെ ആത്മീ യതയിൽ വർദ്ധനവ് ഉണ്ടാവുന്നു. അദ്ദേഹത്തെ അല്ലാഹുവിന്റെ സാമീപ്യത്തിൽ കൊണ്ടു വരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. ഏതൊരു പ്രവൃത്തിക്ക് വേണ്ടിയാണോ അല്ലാഹു എന്നെ നിയോഗിച്ചത് അതിപ്രകാരമാണ്. അല്ലാഹുവിലും അവ ന്റെ സൃഷ്ടികളുടെ ബന്ധത്തിലും വന്നിട്ടുള്ള വിള്ളലുകൾ ദുരീ കരിച്ചുകൊണ്ട് സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ബന്ധം വീണ്ടും നിലനിറുത്തുകയും ലോകത്തിന്റെ ദൃഷ്ടികളിൽ നിന്ന് മറഞ്ഞു പോയ മതപരമായ സത്യതയെ പ്രകടമാക്കുക. സ്വാർത്ഥതയുടെ അന്ധകാരത്തിൽ അമർത്തപ്പെട്ട ആത്മീയത യുടെ മാതൃക കാണിക്കുക. എല്ലാ ശിർക്കിൽ നിന്നും പരിശു ദ്ധവും തിളക്കമാർന്നതുമായ തൗഹീദ് വീണ്ടും സമുദായത്തിൽ കൊണ്ടുവരിക.

ബൈഅത്തിന്റെ അവകാശങ്ങൾ നിറവേറ്റി അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരായി നാം മാറട്ടെ. മതപരമായ സത്യത യെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവരായി മാറട്ടെ. തൗഹീദിന്റെ യഥാർത്ഥ തിളക്കം കരസ്ഥമാക്കുന്നവരായി മാറട്ടെ. അല്ലാഹു ലോകർക്കും ഇത് തിരിച്ചറിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിന് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വേദനയെ മനസ്സിലാക്കി അദ്ദേഹത്തിന്റെ ബൈഅത്തിൽ വരാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ചൗധരി മഖ്സൂദ് അഹ്മദ് സാഹിബിന്റെ മകൻ നുഅ്മാൻ അഹ്മദ് അഞ്ചുമിനെ അനുസ്മരിച്ചു. 2015 മാർച് 21 ന് ശത്രുക്കൾ കറാ ച്ചിയിലുള്ള പീടികയിൽ വെച്ച് വെടി വെച്ചു ശഹീദാക്കുകയു ണ്ടായി. അതേ പോലെ എഞ്ചിനിയർ ഫാറൂഖ് അഹ്മദ് സാഹിബ് നാഇബ് അമീർ പിശാവർ ജില്ലയെയും അനുസ്മരിച്ചു. ഇദ്ദേഹം ശൂറക്ക് ശേഷം റബ്വയിൽ നിന്ന് പിശാവറിലേക്ക് പോവുകയാ യിരുന്നു. വണ്ടിയുടെ ടയർ കത്തിപ്പോയി. അതുകാരണം ആക് സിഡന്റ് സംഭവിക്കുകയുണ്ടായി. പെട്ടെന്ന് തന്നെ ചക്വാൽ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ രക്ഷിക്കാൻ സാധിച്ചില്ല. ഹുസൂർ തിരുമനസ്സ് രണ്ടു പരേതരുടെ സവിശേഷ ഗുണങ്ങളും ജമാഅത്തിയായ സേവനത്തെ കുറിച്ച് പറഞ്ഞു കൊണ്ട് ദുഃആ ചെയ്യാൻ പറയുകയും ജനാസ ഗാഇബ് നമസ്കരിക്കുന്നതാ ണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 27.03.15
Malayalam Translation : Mau.Zafar Ahmad, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha’ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama’at
Baithul Quddoos, G.H.Road
Calicut - 673001,Kerala